# Malayala Manorama
# 27 August 2018
# Kalamassery, After Flood, SCMS, Loss of 6 Crore



## എസ്‌സിഎംഎസിന് ആറ് കോടിയുടെ നഷ്ടം

കളമശേരി ● പ്രളയം കളമശേരിയിലെ എസ്‌സിഎംഎസിനു വരുത്തിയത് ആറു കോടിയോളം രൂപയുടെ നഷ്ടമാണെന്നു ചെയർമാൻ ഡോ. ജിപിസി നായർ അറിയിച്ചു. വെള്ളപ്പൊക്കത്തിൽ എസ്‌സിഎംഎസിന്റെ ഒരു നില പൂർണമായി വെള്ളത്തിൽ മുങ്ങി. സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റ്, ഹോസ്റ്റൽ, കന്റീൻ എന്നിവയ്ക്കൊക്കെ സാരമായ നാശമുണ്ടായി. വൈസ് ചെയർമാൻ പ്രമോദ് പി. തേവന്നൂരിന്റെ നേതൃത്വത്തിൽ അധ്യാപകരും ജീവനക്കാരും ചേർന്നു ശുചീകരണം നടത്തി. ക്യാംപസിൽ സംഭവിച്ച കേടുപാടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പിജിഡിഎം, എംബിഎ, എംസിഎ, ഇന്റഗ്രേറ്റഡ് എംസിഎ, ബികോം, ബിഎ ക്ലാസുകൾ സെപ്റ്റംബർ മൂന്നിന് ആരംഭിക്കും.

പ്രളയ ബാധിതർക്കായി സൗത്ത് കളമശേരിയിലെ എസ്‌സിഎംഎസ് ബയോടെക്നോളജി ക്യാംപസിൽ പ്രവർത്തിച്ച ദുരിതാശ്വാസ ക്യാംപിൽ നിന്നു ജനങ്ങൾ വീട്ടിലേക്കു മടങ്ങിയ സാഹചര്യത്തിൽ എംഎസ്‌സി, ബിഎസ്‌സി ക്ലാസുകൾ കൂടാതെ എസ്‌സിഎംഎസിന്റെ കീഴിലുള്ള എൻജിനീയറിങ്, പോളിടെക്നിക്, ആർക്കിടെക്ചർ കോളജുകൾ ഓണാവധിക്കു ശേഷം 29നു തുറക്കും. പ്രളയദുരിതങ്ങൾ അനുഭവിക്കുന്നതിനിടയിലും എസ്‌സിഎംഎസിലെ വിദ്യാർഥികളുടെ കൂട്ടായ്മ വിവിധ ക്യാംപുകളിൽ ഭക്ഷണവും അവശ്യസാധനങ്ങളും വിതരണം ചെയ്തു.

### പോളിടെക്നിക് ക്ലാസുകൾ 29ന്

കളമശേരി ● ഗവ. പോളിടെക്നിക് കോളജിൽ ക്ലാസുകൾ 29ന് ആരംഭിക്കുമെന്നു പ്രിൻസിപ്പൽ അറിയിച്ചു.